കുഴിയുടെ ആഴം മനസ്സിലാക്കിയവരിൽ മാത്രമല്ലേ, അതിൽനിന്നു കയറാനുള്ള ആഗ്രഹം നാമ്പെടുക്കുകയുള്ളൂ? ആഗ്രഹം ഇച്ഛാശക്തിയായി മാറിയിട്ടു വേണമല്ലോ പ്രയത്നം ആരംഭിക്കാൻ?

(12 ഡിസംബർ, 1988)

# 40. മുസ്ലിം വിവാഹമോചിതകൾക്ക് ആശ്വാസം

ഷാബാനു എന്ന മുസ്ലിം വിവാഹമോചിതയ്ക്കു് മുൻ ഭർത്താവിൽനിന്നു് ആ സ്ത്രീയുടെ പുനർവിവാഹംവരെയോ, അവൾ പുനർവിവാഹംചെയ്യുന്നില്ലെങ്കിൽ മരണംവരെയോ ചെലവിനുകിട്ടാൻ ഇന്ത്യൻ ക്രിമിനൽ നടപടി നിയമത്തിലെ 125-ാം വകുപ്പുപ്രകാരം അവകാശമുണ്ടെന്നു സുപ്രീംകോടതി വിധിച്ചതു് രണ്ടുമൂന്നു വർഷങ്ങൾക്കുമുമ്പു് ഇന്ത്യയിലെ മുസ്ലിങ്ങൾക്കിടയിൽ വമ്പിച്ച പ്രക്ഷോഭത്തിനു കാരണമാവുകയുണ്ടായി. മുസ്ലിങ്ങളുടെ വിവാഹവും വിവാഹമോചനവും സംബന്ധിച്ച നിയമങ്ങൾ എക്കാലത്തേക്കുമായി വ്യവസ്ഥപ്പെടുത്തിയിട്ടുണ്ടെന്നും, ഈ 'ശരീഅത്ത്' നിയമങ്ങൾക്കു മാറ്റംവരുത്തുവാൻ സർക്കാരിനു് അധികാരമില്ലെന്നും മുസ്ലിം സമൂഹത്തിലെ യാഥാസ്ഥിതികർ വാദിച്ചു. ഇതിനെത്തുടർന്നുണ്ടായ പ്രക്ഷോഭത്തിനുമുമ്പിൽ ഇന്ത്യാഗവണ്മെൻറ് മുട്ടുമടക്കി. 'മുസ്ലിം വനിതകളുടെ അധികാരങ്ങൾ രക്ഷിക്കുന്നതിനും വിവാഹമോചനം സംബന്ധിച്ചുമുള്ള 1986-ലെ നിയമം പാലർമെൻറ് പാസ്സാക്കിയതു് ഈ പശ്ചാത്തലത്തിലായിരുന്നു. ഈ പുതിയ നിയമപ്രകാരം വിവാഹമോചനം കഴിഞ്ഞു് മൂന്നു മാസവും പത്തു ദിവസവും നീണ്ടുനിൽക്കുന്ന 'ഇദ്ദ' കാലത്തു ചെലവിനുള്ള വകയും 'മഹർ' എന്ന വിവാഹമൂല്യവും വിവാഹത്തോടനുബന്ധിച്ച് എന്തെങ്കിലും സമ്മാനങ്ങൾ ബന്ധുക്കളിൽനിന്നോ മറ്റോ കിട്ടിയിട്ടുണ്ടെങ്കിൽ അവയും അന്തിമമായി ഒരു സമ്മാനവും മുൻ ഭർത്താവിൽനിന്നു കിട്ടാൻ മാത്രമേ വിവാഹമോചിതയായ മുസ്ലിം സ്ത്രീയ്ക്കു് അവകാശമുള്ളു. വിവാഹമോചനത്തിനുശേഷം ആ സ്ത്രീയുടെ സംരക്ഷണം അവളുടെ പിതാവോ മറ്റു ബന്ധുക്കളോ അവർക്കു് അതിനു കഴിവും മനസ്സുമില്ലെങ്കിൽ മുസ്ലിം വഖഫ് ബോർഡോ ഏറ്റെടുക്കണം. വിവാഹമോചിതരായ എത്രയോ അധികം മുസ്ലിംസ്ത്രീകൾക്കു് താങ്ങാനാവാത്ത ദുരിതങ്ങളാണു് ഈ നിയമം വരുത്തിവയ്ക്കുക എന്ന ആശങ്ക പരക്കെ ഉണ്ടായിരുന്നു.

ലഖ്നൗവിലെ ഒരു പ്രത്യേക കോടതിയിൽ മുൻസിഫ്-മജിസ്ട്രേററായ കുമാരി രേഖാ ദീക്ഷിത് ഇക്കഴിഞ്ഞ ജനുവരി 6-ാം തീയതി നൽകിയ ഒരു വിധി ഈ ആശങ്കയ്ക്കു് ഒരളവോളം പരിഹാരം ഉണ്ടാക്കുന്നതും അതിനാൽ നിയമവിദഗ്ദ്ധരുടേയും സാമൂഹ്യപരിഷ്കരണവാദികളുടേയും സവിശേഷശ്രദ്ധ അർഹിക്കുന്നതുമാണു്.

ഫഹ്മിദാ സർദാർ എന്ന ഒരു മുസ്ലിം യുവതിയെ ശഫാത്ത് അഹമദ് എന്നൊരാൾ 1982-ൽ വിവാഹംചെയ്തിരുന്നു. 1987 ആഗസ്റ്റിൽ ശഫാത്ത് അഹമദ് അവളെ മൊഴിചൊല്ലി. അയാൾ അവൾക്കു് മഹർ (വിവാഹമൂല്യം) മടക്കിക്കൊടുക്കുകയോ ഇദ്ദ കാലത്തു ചെലവിനു കൊടുക്കുകയോചെയ്തില്ല. അവൾക്കു് കിട്ടിയ സ്ത്രീധനമോ 'അവസാനത്തെ സമ്മാന'മോ കൊടുത്തില്ലെന്നു പറയേണ്ടതുമില്ല.

തന്റെ അവകാശം സ്ഥാപിച്ചുകിട്ടാൻ കോടതിയെ ഫഹ്മിദ ശരണം പ്രാപിച്ചു. ഈ കേസ് വിചാരണയ്ക്കു വന്നതു് കുമാരി രേഖാദീക്ഷിത് എന്ന

യുവതിയായ ന്യായാധിപയുടെ കോടതിയിലാണ്. ശഫാത്ത് അഹമദ് തന്റെ മുൻ ഭാര്യയായ ഫഹ്മിദയ്ക്ക് 'മഹർ' (വിവാഹമൂല്യം)ആയ അമ്പത്തൊമ്പതിനായിരം ക. യും സ്ത്രീധനമായി ലഭിച്ച രണ്ടു ലക്ഷത്തിപ്പതിനായിരം ക. വിലവരുന്ന സാമാനങ്ങളും (അല്ലെങ്കിൽ അവയുടെ വിലയും) 'അന്തിമസമ്മാന'മായി മുപ്പതിനായിരം ക.യും കൊടുക്കണമെന്ന് കുമാരി ദീക്ഷിത് വിധിച്ചു. 'ഫഹ്മിദയ്ക്ക്' മുപ്പതു വയസ്സേ ആയിട്ടുള്ളു. ചുരുങ്ങിയതു മുപ്പതു വർഷംകൂടി അവർ ജീവിക്കും. ഇദ്ദ കാലത്തു(നൂറു ദിവസം) ചെലവിനു കിട്ടുന്ന വകകൊണ്ടു് അവൾക്ക് ഒരു വർഷംപോലും ജീവിക്കാനാവുമോ? മുൻ ഭർത്താവിൽനിന്ന് 'അന്തിമസമ്മാന'മായി ചുരുങ്ങിയതു മുപ്പതിനായിരം ക. യെങ്കിലും അവൾക്ക് അവകാശമുണ്ടു്" എന്നു വിധിന്യായത്തിൽ കുമാരി ദീക്ഷിത് പ്രസ്താവിച്ചു.

ഇതിനർത്ഥം 1986–ലെ മുസ്ലിം വനിതാനിയമം അനുസരിച്ച് പുനർവിവാഹംവരെ മുൻ ഭർത്താവിൽനിന്നു ചെലവിനുകിട്ടാനുള്ള അവകാശം മുസ്ലിം വിവാഹമോചിതകൾക്ക നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽക്കൂടി 'അന്തിമസമ്മാനം' എന്ന നിലയിൽ ന്യായമായ ഒരു തുക അയാളിൽനിന്നു കിട്ടാൻ അർഹത അവൾക്ക് കൈവന്നിട്ടുണ്ടെന്നാണ്.

തന്റെ മുൻ ഭാര്യയ്ക്ക് അന്തിമസമ്മാനമായി എന്തുകൊടുക്കണമെന്നു തീരുമാനിക്കാനുള്ള അധികാരം ആർക്കാണ്? അതു തീരുമാനിക്കാനുള്ള അധികാരം മുൻ ഭർത്താവിനാണെന്നാണ് യാഥാസ്ഥിതികരായ ചില മുസ്ലിം നിയമപണ്ഡിതന്മാർ കരുതുന്നതു്. അതേസമയം സുപ്രീംകോടതിയിലെ ഒരു വക്കീലായ അബ്ദുൽ മന്നാൻ പറയുന്നതു് അന്തിമസമ്മാനം എത്രയാണെന്നു തീരുമാനിക്കാൻ കോടതിക്ക് അധികാരം ഉണ്ടെന്നാണ്. മുസ്‌ലിം പേഴ്സണൽ ലാ ബോർഡിന്റെ അദ്ധ്യക്ഷനായ മൗലാനാ അബുൽ ഹസൻ അലി നകഫി ലഖ്നൗ കോടതിയുടെ വിധിയോടു പൊതുവെ യോജിച്ചിട്ടുണ്ട്. തീവ്രമായ വാദപ്രതിവാദത്തിനു ശേഷമാണത്രെ ഇത്തരമൊരു നിഗമനത്തിൽ ബോർഡ് എത്തിച്ചേർന്നതു്. പേഴ്സണൽ ലാ ബോർഡ് മുസ്ലിം പൊതുജനാഭിപ്രായത്തെ വലിയ അളവിൽ പ്രതിനിധാനംചെയ്യുന്നുണ്ടെന്നതിനാൽ കോടതിയുടെ ഈ വിധിക്കെതിരെ ഒരു ബഹുജനപ്രക്ഷോഭം രൂപംകൊള്ളാൻ സാദ്ധ്യതയില്ല.

ഒരു ഭാര്യ ഉണ്ടായിരിക്കെ താൻ അവിവാഹിതനാണെന്നു പറഞ്ഞ് ശാഹിദ ഖാത്തൂൻ എന്ന മറ്റൊരു യുവതിയെ വിവാഹംചെയ്ത് പിന്നീട് അവളെ മൊഴിചൊല്ലിയ ഖാലിദ് അഹമ്മദ് എന്ന ആൾ ശാഹിദയ്ക്ക് അന്തിമസമ്മാനമായി 85,000 ക. നൽകണമെന്ന് ഇതേ മുൻസിഫ് മജിസ്ട്രേറ്റ് 1988 ജനുവരി 14–ാം തീയതി മറ്റൊരു കേസ്സിൽ വിധി നൽകുകയുണ്ടായി. വിവാഹമോചിതകളായശേഷം മുൻ ഭർത്താക്കന്മാരിൽനിന്നു തങ്ങൾക്ക് അവകാശപ്പെട്ട തുക കിട്ടാൻ കോടതികളെ അഭയംപ്രാപിച്ചിട്ടുള്ള മുസ്‌ലിം സ്ത്രീകളുടെ സംഖ്യ നിസ്സാരമല്ല. ലഖ്നൗവിൽതന്നെ ഇത്തരം ഇരുപതു കേസുകൾ ഇപ്പോൾ കോടതിയുടെ മുമ്പിലുണ്ടത്രേ. കേരളത്തിലും ഈ മാതിരി ഒട്ടേറെ കേസുകൾ കോടതിയിൽ എത്തിയിട്ടുണ്ടായിരിക്കണം. ഇവ സംബന്ധിച്ചു വാദിക്കുന്ന അഡ്വക്കേറ്റുമാരും വിധി നൽകുന്ന ന്യായാധിപന്മാരും കുമാരി രേഖാദീക്ഷിതിന്റെ വിധിന്യായവും അതു സംബന്ധിച്ച് മുസ്ലിം പേഴ്സണൽ ലാ ബോർഡ് കൈക്കൊണ്ട തീരുമാനവും മനസ്സിരുത്തി പഠിക്കുന്നതു കൊള്ളാം. സമ്പന്നനായ മുൻ ഭർത്താവിന്റെ കൈയിൽനിന്നു ചെലവിന് എന്ന പേരിലല്ലാതെ 'അന്തിമസമ്മാനം' എന്ന പേരിൽ ഭാവിജീവിതത്തിനു ന്യായമായ ഒരു തുക നേടുവാൻ അശരണയും വിവാഹമോചിതയുമായ മുസ്‌ലിം സ്ത്രീയ്ക്ക് 1986–ലെ നിയമത്തിന്റെ പരിധിക്ക് അകത്തുതന്നെയുള്ള അധികാരം ഈ വിധിമൂലം നിസ്സംശയമായി അംഗീകരിക്കപ്പെട്ടിരിക്കുന്നു. മുസ്ലിം മതചിന്തകർ ആ കോടതിവിധിയെ അനുകൂലിക്കുന്നുമുണ്ട്.

നീതിന്യായചരിത്രത്തിൽ സുപ്രധാനമായ ഒരു വിധി പ്രസ്താവിച്ച രേഖാ ദീക്ഷിത് ലഖ്നൗവിലെ മുൻസിഫ് മജിസ്ട്രേററാണ്. അടുത്ത കാലത്തു് മുസ്ലിം വനിതാ സംരക്ഷണനിയമത്തിന്റെ പരിധിക്കകത്തു് അവർ പ്രസ്താവിച്ച ഒരു വിധിന്യായം രാജ്യത്തിന്റെ ശ്രദ്ധയെ മുഴവൻ ആകർഷിച്ചിരിക്കുന്നു.

ക്രിമിനൽ കേസുകൾ കൈകാര്യംചെയ്യുവരുന്ന രേഖ ഉത്തരപ്രദേശിലെ ചെറുപ്പക്കാരായ മജിസ്ട്രേട്ടുമാരിൽ ഒരാളാണ്. മീററ്റിൽനിന്നു ബിരുദമെടുത്തശേഷം ആഗ്രാ സർവകലാശാലയിൽനിന്നു് 1981–ൽ അവർ നിയമബിരുദം നേടി. അടുത്തവർഷം അവർ ജൂഡീഷ്യൽ സർവീസിലേക്കു തെരഞ്ഞെടുക്കപ്പെട്ടു. 1984–ൽ സർവീസിൽ ചേർന്ന രേഖ ആദ്യത്തെ രണ്ടു വർഷം സിവിൽ കേസ്സുകളാണു കൈകാര്യംചെയ്തതു്. പിന്നീടു കളവുകേസ്സുകളും കൊള്ളക്കേസ്സുകളും കൈകാര്യംചെയ്ത രേഖ ഫഹ്മിദാ സർദാർ എന്ന മുസ്ലിം വിവാഹമോചിതയുടെ കേസ് വിധിപറയുവാൻ അവസരം കിട്ടിയപ്പോഴാണു് പരക്കെ ശ്രദ്ധ ആകർഷിക്കപ്പെട്ടതു്.

ഒരു ഐ. എ എസ്. ഉദ്യോഗസ്ഥന്റെ പുത്രിയായ രേഖയുടെ ഏററവും വലിയ പ്രചോദനം അവരുടെ പിതാവുതന്നെയാണു്. മറെറാരു മജിസ്ട്രേട്ടായ പ്രദീപ് ദൂബെയുമായി വിവാഹനിശ്ചയം നടന്നിട്ടുണ്ട്.

രേഖാ ദീക്ഷിതിനു് വിവിധ രംഗങ്ങളിൽ താല്പര്യമുണ്ടു്. ഗാർഹികശാസ്ത്രം, ഗൃഹാലങ്കാരം, സൗന്ദര്യസംരക്ഷണം, ടി വി. സീരിയൽ അങ്ങനെ പലതും. സമുദായം സ്ത്രീകളെ ചൂഷണംചെയ്യുന്നതിനെക്കുറിച്ച ശക്തിയായ അഭിപ്രായമാണു് അവർക്കു്. ഈ ചൂഷണം അവസാനിപ്പിക്കാനുള്ള ഒരേയൊരു പരിഹാരം സ്ത്രീ സാമ്പത്തികമായി സ്വാതന്ത്ര്യയാവുക എന്നതാണു്. സ്ത്രീധനസമ്പ്രദായത്തിനു് എതിരായ രേഖ സ്ത്രീകൾ വൈകി വിവാഹംകഴിക്കണം എന്നു പറയുന്നു. അപ്പോഴേക്കും അവർക്കു സ്വന്തം കാലിൽ നില്ക്കാൻ പററുന്ന ഒരു ജോലി കണ്ടുപിടിക്കാൻ സാധിക്കണം.

'മാററങ്ങളുടെ കാലഘട്ടത്തിലാണു നാം ജീവിക്കുന്നതു്. ഭാവിതലമുറകൾ പുരോഗമനപരമായ വീക്ഷണങ്ങൾ ഉള്ളതായിരിക്കും. എന്നാൽ, അടുത്ത തലമുറയെ വ്രണപ്പെടുത്തുന്നതും അതിന്റെ അന്തസ്സിനെ തരംതാഴ്ത്തുന്നതും ആയ ഒന്നും നമ്മുടെ കൈയിൽനിന്നും ഉണ്ടാകരുതു് എന്നു് ഉറപ്പുവരുത്തുകയാണു് ഇന്നാവശ്യം.' രേഖ പറയുന്നു.

താനൊരു സ്ത്രീയായതുകൊണ്ടാണു് മുസ്ലിം വനിതാസംരക്ഷണനിയമത്തിന്റെ പരിധിയിൽ വരുന്ന കേസ്സുകൾ തന്നെ ഏല്പിച്ചതു് എന്നു് രേഖ വിശ്വസിക്കുന്നു. ഒരുപക്ഷേ, സ്ത്രീയായതുകൊണ്ടു കൂടുതൽ സഹതാപത്തോടെ ഇവ കൈകാര്യംചെയ്യും എന്ന തോന്നലാകാം ഇതിന്റെ പിന്നിൽ എന്നും അവർ പറഞ്ഞു.

അമ്പതോളം ഇത്തരം കേസുകൾ ഇപ്പോൾ കൈകാര്യംചെയ്യുന്ന രേഖാ ദീക്ഷിതിന്റെ അഭിപ്രായത്തിൽ ഇദ്ദ കാലത്തു ചെലവിനു കൊടുക്കാനും മഹർ തിരിച്ചുകൊടുക്കാനും ഒരു അവസാനസമ്മാനം നൽകുന്നതിനു് ഉറപ്പുവരുത്താനും നിയമത്തിൽ വ്യവസ്ഥയുണ്ടു്. 'അതുകൊണ്ടു് എനിക്കു് പ്രത്യേകം ചെയ്യേണ്ടതായി ഒന്നുമില്ലായിരുന്നു. നിയമത്തിൽ പറഞ്ഞിരിക്കുന്ന 'ന്യായവും നീതിപൂർവവും' ആയ തുക നിശ്ചയിക്കുക എന്ന ചുരുങ്ങിയ ബാദ്ധ്യത മാത്രമേ ഉണ്ടായിരുന്നുള്ളു. ന്യായാധിപന്മാർക്കു നിയമത്തിലെ ഈ വകുപ്പുപ്രകാരം ദുരിതമനുഭവിക്കുന്ന സ്ത്രീകൾക്കു് ആശ്വാസം നൽകുകയേ വേണ്ടു.'

(22 ഫെബ്രുവരി, 1988)